# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2776 10.12.2014 - ൽ മറുപടിക്ക്

## കാസർഗോഡ് നഗരത്തിലെ ശുദ്ധജല ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഈ സർക്കാർ വന്നതിനുശേഷം കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ; | (എ) കാസർഗോഡ് നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന പ്രവൃത്തികൾക്ക് അനുമതി നൽകി.<br><br>1. ബാവിക്കരയിലെയും വിദ്യാ നഗറിലെയും പഴയ പമ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ (പ്ലാൻ പദ്ധതി)<br>2. 300 മി.മീ. എം.എസ്. പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കൽ<br>3. വരൾച്ചാ ദുരിതാശ്വാസ പദ്ധതി 2013-പൈപ്പ് ലൈൻ സ്ഥാപിക്കൽ<br>4. 2012,2013 വർഷങ്ങളിൽ താൽക്കാലിക തടയണ നിർമ്മിക്കൽ<br>5. ബാവിക്കര പമ്പ്സെറ്റ് അറ്റകുറ്റപ്പണി.<br>6. ട്രീറ്റ്മെന്റ് പ്ലാന്റ് അറ്റകുറ്റപ്പണി<br><br>കൂടാതെ കാസർഗോഡ് നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഒരു ബൃഹത്പദ്ധതി പരിഗണിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ജലവിതരണം മുടങ്ങാതിരിക്കാൻ പ്രവർത്തന ക്ഷമമല്ലാത്ത പഴയ പമ്പുകൾക്ക് പകരം പുതിയ പമ്പുകൾ വാങ്ങാൻ എത്ര തുകയാണ് അനുവദിച്ചത്; | (ബി) | 78.60 ലക്ഷം രൂപ |
| (സി) | പുതിയ പമ്പുകൾ സ്ഥാപിച്ചിട്ടും കാസർഗോഡ് നഗരത്തിലെ ഉപഭോക്താക്കൾക്കു കുടിവെള്ളം നേരാംവണ്ണം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പമ്പുസെറ്റുകൾ തകരാറാകുന്നത് കാരണം ജലവിതരണം മുടങ്ങുന്നുണ്ട്. |
| (ഡി) | പുതുതായി വാങ്ങിയ പമ്പുകൾ നിരന്തരം പ്രവർത്തനരഹിതമാകുന്നതെന്ത് കൊണ്ടാണ്; ഏത് കമ്പനിയാണ് പമ്പുകൾ വിതരണം ചെയ്തത്; ഏത് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണ് പമ്പുകൾ വാങ്ങിയതും ഘടിപ്പിച്ചതും; ഇത്തരത്തിലുള്ള ഉത്തരവാദിത്തമില്ലായ്മക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | പമ്പ് സെറ്റ് കമ്പനിയിൽ നിർമ്മിച്ചപ്പോൾ ഉണ്ടായ അപാകത മൂലമായിരിക്കാം പമ്പുകൾ നിരന്തരം പ്രവർത്തനരഹിതമാകുന്നത്. പമ്പുസെറ്റുകൾ അടിയന്തിരമായി മാറ്റി പുതിയവ സ്ഥാപിക്കണമെന്ന് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>വഡോദരയിലുള്ള ജ്യോതി പമ്പ് എന്ന കമ്പനിയാണ് പമ്പ് നിർമ്മിച്ചിരിക്കുന്നത്. ആലപ്പുഴയിലുള്ള ടർബോ സിസ്റ്റംസ് എന്ന കരാറുകാരാണ് പമ്പ് സപ്ലൈ ചെയ്തത്. കണ്ണൂർ സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് പമ്പ് സെറ്റുകൾക്ക് ഓർഡർ നൽകിയത്. കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫാക്ടറി പരിശോധന നടത്തി, കാസർഗോഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ മേൽനോട്ടത്തിലാണ് പമ്പ് സ്ഥാപിച്ചിട്ടുള്ളത്. പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. പമ്പ് സെറ്റുകളുടെ ന്യൂനതകളും തകരാറുകളും അവ നിർമ്മിച്ച കമ്പനിയെയും അവ സപ്ലൈ ചെയ്തവരെയും കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരവധി തവണ അറിയിച്ചിട്ടും |

പമ്പു സെറ്റുകളുടെ തകരാറുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കമ്പനിക്കാർ നാളിതുവരെ സ്വീകരിച്ചിട്ടില്ല. അതിനാൽ ആലപ്പുഴയിലുള്ള ടർബോ സിസ്റ്റംസ് എന്ന കമ്പനിക്കെതിരെയും വഡോദരയിലുള്ള ജ്യോതി പമ്പ് സെറ്റ് കമ്പനിക്കെതിരെയും നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്ന തിനായി കോഴിക്കോട് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്

സെക്ഷൻ ഓഫീസർ